**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ(മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)ന്റെ**
**നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026- നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ കരട് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ., തീയതി: 25/02/2017
2.സ.ഉ. (സാധാ) നം. 1097/2026/H&FWD, തീയതി: 14/03/2026.
3.സർക്കുലർ നം.ഇ.എച്ച് 1-31371/2025/ആ.വ.ഡ.തീയതി: 13/04/2026.
4.ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം:** DHS/11215/2026-EE2 **തീയതി:** 29-05-2026

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ലഭ്യമായിരുന്നു. അപ്രകാരം നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പട്ടിക പരിശോധിച്ചതിൽ നിന്നും മേൽ ജീവനക്കാരാരും തന്നെ സൂചന 2,3 ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിനു അർഹരല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരമുള്ള ഉത്തരവിൽ എന്തെങ്കിലും പരാതി /ആക്ഷേപം ഉള്ളവർക്ക് ഹർജി തയ്യാറാക്കി സ്ഥാപന മേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 03.06.2026 വൈകുന്നേരം 5 മണിക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ച് അഭിപ്രായക്കുറിപ്പ് സഹിതം 03.06.2026 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തത് മൂലം അന്തിമ പട്ടികയിൽ നിന്നും ഏതെങ്കിലും ജീവനക്കാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്തം

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Digitally signed by
Sandeep K
Date: 29-05-2026
16:30:39

അഡീഷണൽ ഡയറക്ടർ(മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3.ആരോഗ്യ വകുപ്പ് ഡയറക്ടർടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്